**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **27.04.2017-ൽ മറുപടിക്ക്**
**ചോദ്യം നം. 756**

## പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. റ്റി.വി. രാജേഷ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ വിശദാംശം നൽകാമോ; | (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ ടോപ്പോഗ്രാഫിക്കൽ സർവ്വേ, പെർമനന്റ് പോയിന്റ് സ്ഥാപിക്കൽ, സിഡിവാല്യൂ സ്ഥാപിക്കൽ, കറണ്ട് മീറ്റർ ഒബ്സർവേഷൻ, ഷോർലൈൻ സർവ്വേ, ബാത്തിമെട്രിക് സർവ്വേ, ബെഡ് സാമ്പിൾ ശേഖരിക്കൽ, വാട്ടർ സാമ്പിൾ ശേഖരിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മാതൃകാ പഠനം നടത്തുന്നതിന് CWPRS പൂനെയെ ചുമതലപ്പെടുത്തുകയും ഇൻവെസ്റ്റിഗേഷൻ ഡേറ്റാകൾ CWPRS ന് നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം CWPRS മുഖേന പുരോഗമിച്ചു വരുന്നു. ടി പഠനത്തിന് പെരുമ്പ, കുപ്പം എന്നീ പുഴകളുടെ ഡിസ്ചാർജ് ഡാറ്റ CWPRS ആവശ്യപ്പെട്ടതനുസരിച്ച് IDRB ചീഫ് എഞ്ചിനിയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | സി.ഡബ്ല്യൂ. പി. ആർ. എസ്. മുഖേന നടത്തുന്ന മാതൃകാ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോഴേക്ക് ലഭ്യമാക്കാൻ കഴിയും; ഇതുവരെ എത്ര രൂപ മാതൃകാ പഠനത്തിന് ചെലവായിട്ടുണ്ട്; | (ബി) | CWPRS-ൽ നിന്നും മാതൃകാ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. മാതൃകാ പഠനത്തിന് പെരുമ്പ, കുപ്പം എന്നീ പുഴകളുടെ ഡിസ്ചാർജ് ഡാറ്റ ആവശ്യമായതിനാൽ ആയത് ലഭിക്കുന്ന മുറയ്ക്ക് പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിക്കുന്നതാണ്. മാതൃകാപഠനം നടത്തുന്നതിന് 34,27,610 രൂപ ചെലവായിട്ടുണ്ട്. |
| (സി) | പരിസ്ഥിതി പഠനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ? | (സി) | മാതൃകാ പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം പരിസ്ഥിതി പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ